OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

Vol. 1 Book 5 Regd. No. ER/450/2001 Date:30.11.2019

# കേരളപ്പിറവി




'കേരളപ്പിറവി' കേരള സംസ്ഥാനം ജന്മം കൊണ്ടതിനെയാണ് സൂചിപ്പിക്കുന്നത്. 1956 നവംബർ ഒന്നിനായിരുന്നു അത്. കേരളപ്പിറവിക്ക് മുൻപ് ഇത് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്ന മൂന്ന് പ്രധാനപ്പെട്ട പ്രോവിൻസുകളായിരുന്നു. ഇവയിൽ പല മേഘലകളും വിവിധ ഭരണാധികാരികളുടേയും അധീനതയിലുമായിരുന്നു.

വടക്ക് മലബാർ പ്രോവിൻസ്, തീരദേശങ്ങളായ കോഴിക്കോടും കണ്ണൂരും ഉൾപ്പെട്ട പ്രദേശങ്ങളായിരുന്നു. സാമൂതിരി രാജാക്കന്മാരുടെ ഭരണത്തിൽ നിന്ന് ടിപ്പു സുൽത്താൻ ആക്രമിച്ച് കീഴടക്കി ഭരിച്ചു വരവേ ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യ കമ്പനിയുമായി മൈസൂരിൽ വച്ച് നടന്ന യുദ്ധത്തിൽ ടിപ്പു സുൽത്താൻ പരാജയപ്പെട്ടു. തുടർന്ന് മലബാർ പ്രോവിൻസ് ബ്രിട്ടീഷ് പ്രസിഡൻസി ഭരണത്തിൻ കീഴിലായി. മയ്യഴി പട്ടണം 1950 വരെ ഫ്രഞ്ച് അധീനതയിലായിരുന്നു. പിന്നീട് കേന്ദ്ര ഭരണ പ്രദേശമായ പുതുശ്ശേരിയോട് ചേർക്കപ്പെട്ടു.

മദ്ധ്യഭാഗത്ത് പെരുമ്പടത്ത് സ്വരൂപം എന്നറിയപ്പെട്ടിരുന്ന കൊച്ചി രാജ്യമായിരുന്നു. വടക്ക് പൊന്നാനി താലൂക്ക് മുതൽ തെക്ക് തോട്ടപ്പള്ളി വരെ വിസ്തൃതമായ പ്രദേശമായിരുന്നു. കോഴിക്കോട് സാമൂതിരി രജാക്കന്മാരുടെ അധിനിവേശത്തിന്റെ ഫലമായി എടപ്പള്ളി, കൊടുങ്ങല്ലൂർ തുടങ്ങിയ സാമന്ത രാജ്യങ്ങൾ നഷ്ടപ്പെട്ട് ചുരുങ്ങിയ രാജ്യമായി മാറി. ഈ കാരണത്താൽ, എ.ഡി. 1500ൽ രാജ്യത്തിന്റെ സംരക്ഷണത്തിനായി രാജ ഗോദവർമ തിരുമുല്പ്പാടിന്റെ കാലത്ത് പോർട്ട്ഗീസുകാരുമായി സന്ധി ഉണ്ടാക്കി (1553–1663) ഭരണം നിലനിർത്തിപ്പോന്നു. പിന്നീട് ഡച്ച് ഈസ്റ്റ് ഇൻഡ്യ കമ്പനിയുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം ഡച്ചുകാരുമായിട്ടായിരുന്നു സഖ്യം. 1795 മുതൽ ബ്രിട്ടിഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുമായിച്ചേർന്നു.

തെക്കേ അറ്റുത്തുള്ള പ്രോവിൻസ് ഭരിച്ചിരുന്നത് തിരുവിതാംകൂർ രാജക്കന്മാരായിരുന്നു. തിരുവനന്തപുരം നഗരം ആയിരുന്നു ആസ്ഥാനം. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹിന്ദു ജമീന്ദാർമാരോടും ബ്രിട്ടിഷ് ഭരണത്തോടും എതിർത്ത് നടന്ന മാപ്പിള ലഹളയേത്തുടർന്ന് തിരവിതാംകൂർ–കൊച്ചി ജനകീയ സർക്കാർ നിലവിൽ വന്നു. 1956 നവംബർ മാസം ഒന്നാം തിയതി ഭാഷാ അടിസ്ഥാനത്തിൽ സ്വതന്ത്ര ഭാരതത്തിലെ സംസ്ഥാനങ്ങൾ പുന:സംഘടിപ്പിച്ചപ്പോൾ മദ്രാസ് ജില്ലയിലെ മലബാറും കാനറായിലെ കാസർഗോഡും കൂട്ടിചേർത്തും കന്യാക്കുമാരി തമിഴ് നാടിനോട് ചേർത്തും കേരളം രൂപീകരിച്ചു. അത് കേരളപ്പിറവിയുമായി.

---

**നവംബർ മാസം പെൻഷൻകാരെ സംബന്ധിച്ചെടത്തോളം വളരെ പ്രധാനപ്പെട്ട മാസം ആണ്. ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ട മാസം. ഏത് ബ്രാഞ്ചിൽ നിന്നും ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കാം. 80 വയസ് തികഞ്ഞവർക്ക് ഒക്റ്റോബർ മുതൽ ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കാം.**

**ബ്രാഞ്ചിലെ സ്റ്റാഫ് വേണം HRMS മേക്കർ ചെക്കർ ആയിട്ട് ലൈഫ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാൻ. അതായത്, ആ ബ്രാഞ്ചിലെ HRMS https:// hrms.sbionline.com ൽ ലോഗിൻ ചെയ്യുന്ന സ്ഥിരം സ്റ്റാഫ് വേണം ഇത് ചെയ്യാൻ.. HRMS ID (ESBT**



**പെൻഷനേഴ്സ് ) അറിയാൻ കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ്ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# ശ്രീ.ടി.എൻ.മദനൻ യാത്രയായി




സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ ഓഫീസേഴ്സ് അസ്സോസിയേഷൻ മുൻ റീജിയണൽ സെക്രട്ടറിയും മുതിർന്ന സംഘടനാ നേതാവുമായിരുന്ന ശ്രീ. റ്റി.എൻ.മദനൻ അന്തരിച്ചു.

# ശ്രീ.ടി. എൻ. മദനന്

## സ്മരണാഞ്ജലികൾ!!!

## സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ



മദനൻ ഭായ് യാത്രയായി. നവംബറിന്റെ പാതിവഴിയിലെ തണുത്ത രാത്രിയുടെ അവസാന യാമങ്ങളിലെപ്പോഴോ നേരിയ മുരടനക്കം പോലുമില്ലാതെ നിദ്രയുടെ മറപറ്റി മറുകരയുടെ അനന്തതീരം തേടി യാത്രയായി. മുന്നറിയിപ്പില്ലാതെ, മുന്നൊരുക്കങ്ങൾക്ക് സാവകാശം ലഭിക്കാതെ, എന്നെ തേടിയെത്തിയ അശുഭകരായ വാർത്തയിൽ കുറെനേരം ഞാൻ മൗനിയായി നിന്നു. മനസ്സിനകത്ത് എഴുതി ഫലിപ്പിക്കാൻ പറ്റാത്ത എന്തോ ഒന്ന് എന്നെ അലോസരപ്പെടുത്തുന്നു. ഭായിയെ കാണണമെന്നും കുറച്ചേറെ നേരം സംസാരിക്കണമെന്നും അടുത്ത യിടെയായി പലവട്ടം ആഗ്രഹിച്ചിരുന്നു. പിന്നീടൊരി ക്കലാവാം എന്ന സൗകര്യത്തിനെ കൂട്ട് പിടിച്ചു അതങ്ങനെ നീട്ടിക്കൊണ്ട്പോയി. ചെയ്തിരിക്കേണ്ട കാര്യങ്ങൾ അതാത വസരങ്ങളിൽ ചെയ്യാതെ പിന്നീട് വിലപിക്കുന്നതിലെ അർത്ഥശൂന്യത പൂർണമായും ഉൾക്കൊണ്ട് തന്നെ എഴുതട്ടെ,



ടി. എൻ. മദനൻ എന്ന വ്യക്തിയ്ക്ക് മനസ്സിൽ അങ്ങേയറ്റം ബഹുമാന്യമായ ഇടം നൽകിയിരുന്നു ഞാൻ. കേരളത്തിലെ ബാങ്കിംഗ് ട്രേഡ് യൂണിയൻ രംഗത്ത് എസ്. ബി. ഐ ഓഫീസേഴ്സ് അസ്സോസിയേഷന്റെ അനൽപ്പമായ പ്രാതിനിധ്യം അരക്കിട്ടുറപ്പിച്ചത് മദനൻ ഭായിയായിരുന്നു എന്നത് നിസ്തർക്കമായ വസ്തുതയാണ്. AICOBOO വിലൂടെ തുടക്കം കുറിച്ചു. പിന്നീട് എയ്ബോക്കിലൂടെ (AIBOC) തന്റെ നേതൃത്വപാടവം തെളിയിച്ചതിൽ പിന്നീടാണ് അദ്ദേഹം സജീവമായ ട്രേഡ് യൂണിയൻ രംഗത്ത് നിന്നും പിന്മാറിയത്. അതിന് ഞാൻ ഒരു കാരണമായി എന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നു. പിന്നീട് രണ്ടായിരത്തി നാലിൽ എസ്. ബി. ഐ. ഒ. യുടെ ത്രൈവാർഷിക തിരഞ്ഞെടുപ്പിൽ പരാജിതനായി കലൂർ ശാഖയിൽ മാനേജരായി ജോലി ചെയ്യവേ അദ്ദേഹവുമായി നിരന്തര സമ്പർക്കം പുലർത്താനും കഴിഞ്ഞു എന്നത് ഒരു വിധിവൈപരീത്യമായി അവശേഷിക്കുന്നു. കാലം മുന്നോട്ടു പോകവേ രണ്ടായിരത്തി ഏഴിലെ തിരഞ്ഞെടുപ്പിൽ ഒരു തിരിച്ചു വരവിന് എന്നെ പ്രാപ്തനാക്കിയതിൽ ഭായിയുടെ മനസ്സറിഞ്ഞ പിന്തുണയുണ്ടായിരുന്നു എന്നതും ഇവിടെ നന്ദിപൂർവം രേഖപ്പെടുത്തേണ്ടതുണ്ട്. ചിറ്റൂരപ്പന്റെ സന്നിധിയിൽ എസ് ബി ഒ എ സീനിയർ സെക്കൻഡറി സ്കൂൾ എന്ന മഹത്തായ സ്ഥാപനം രൂപപ്പെടുത്തിയതിൽ ഭായിയുടെ മനസ്സറിഞ്ഞ പ്രവർത്തനം ഉണ്ടായിരുന്നു.. വേർപാട് തികച്ചും അസഹനീയമാണ്.

പേരണ്ടൂർ റോഡിൽ എളമക്കര അമ്പലത്തിനിപ്പുറം 'കാർത്തിക'യിൽ ഉമ്മറപ്പടി കടന്നു അകത്ത് ചെന്നാൽ ചില്ലലമാരിക്കുള്ളിൽ ചിട്ടയായൊതുക്കിയ അസംഖ്യം പുസ്തകങ്ങളുടെ കാവൽക്കാരനായി ഭായി ഇനിയു ണ്ടാവില്ല എന്നത് ഒരു യാഥാർഥ്യമായി അവശേഷിക്കേ എല്ലാം ഒരു പ്രകൃതി നിയമമെന്ന് ഞാൻ മനസ്സിനെ ബോദ്ധ്യപ്പെടുത്തട്ടെ!!.

സ്നേഹാദരങ്ങളോടെ,

s I . cmPoh 3



## ‘നെഫ്റ്റ് ’ ഇടപാടുകളുടെ ചാർജ് ഒഴിവാക്കണമെന്ന് റിസർവ്വ് ബാങ്ക്

2020 ജനവരി മുതൽ നെഫ്റ്റ് (എൻ.ഇ.എഫ്.റ്റി.) ഇടപാടുകളുടെ ചാർജ് പൂർണ്ണമായി ഒഴിവാക്കണമെന്ന് ബാങ്കുകളോട് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചു. ഡിജിറ്റൽ ഇടപാടുകൾക്ക് കൂടുതൽ പ്രചാരം ലക്ഷ്യമിട്ടാണ് നടപടി. പാർക്കിംഗ് ഫീസിനും പെട്രോൾ ബങ്കുകളിൽ ഇന്ധനം നിറക്കുന്നതിനും ‘ഫാസ്റ്റാഗ്’ വഴി സൗകര്യമൊരുക്കുന്നത് പരിഗണിക്കാനും ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അംഗീകൃത പേയ്മെന്റ് സംവിധാനങ്ങളെല്ലാം നാഷണൽ ഇലക്ട്രോണിക് ടോൾ കളക്ഷൻ ‘ഫസ്ടാഗ്’ കളുമായി ബന്ധിപ്പിക്കനാണ് നിർദ്ദേശം.

## രാജ്യത്തിന്റേയും ബാങ്കുകളുടേയും റേറ്റിംഗ് കുറച്ച് മൂഡീസ്

ഇൻഡ്യയുടെ ക്രെഡിറ്റ് റേറ്റിംഗ് അനുമാനം ആഗോള ഏജൻസിയായ മൂഡീസ് ഇൻവെസ്റ്റ്മെന്റ് സർവീസസ് വെട്ടിക്കുറച്ച് നെഗറ്റീവ് (-) ആക്കി. കട ബാദ്ധ്യത ഭീമമായ നിലയിൽ ഉയർന്നതും സാമ്പത്തിക മാന്ദ്യം നേരിടുന്നതിൽ ഫലപ്രദമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് നടപടി. കൂടാതെ, രജ്യത്തെ 21 പ്രമുഖ കമ്പനികളുടെ റേറ്റിംഗും തഴ്ത്തി. ബാങ്കിംഗ്, ഐ.റ്റി. അടിസ്ഥാന സൗകര്യം, എണ്ണ - വാതകം എന്നീ കമ്പനികളുടെ റേറ്റിംഗ് ആണ് താഴ്ത്തിയത്. ഇതിൽ സ്റ്റേറ്റ് ബാങ്ക്, എച്ച്.ഡി.എഫ്.സി.ബാങ്ക് എന്നിവയും ഉൾപ്പെടും.

## എസ്.ബി.ഐ. പലിശ നിരക്കുകൾ കുറച്ചു

. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ സ്ഥിര നിക്ഷേപങ്ങളുടേയും എം.സി.എൽ.ആർ. അധിഷ്ഠിത വായ്പ്പകളുടേയും പലിശ നിരക്കുകൾ വീണ്ടും കുറച്ചു. ഈ സാമ്പത്തിക വർഷം ഏഴാം തവണയാണ് ബാങ്ക് പലിശ കുറയ്ക്കന്നത്. വായ്പാ പലിശയിൽ കാലാവധി അനുസരിച്ച് എല്ലാ വിഭാഗത്തിലും 0.05% കുറച്ചു. ഒന്നു മുതൽ രണ്ടു വർഷം വരെയുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് 0.15% ശതമാനം കുറച്ച് 6.25% ആക്കി. മറ്റ് കാലയളവുകളിൽ ഉള്ള നിക്ഷേപങ്ങളുടെ പലിശ നിരക്കിൽ മാറ്റമു ാവുകയില്ല.


ഒരു രാജ്യം, ഒരുകാർഡ് കേരളത്തിലേക്കും

പദ്ധതി നടപ്പാക്കാനൊരുങ്ങി എസ്.ബി.ഐ.

ഒരുവശം എ.ടി.എം കാർഡ്; മറുവശം ഡ്രൈവിങ് ലൈസൻസ്

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

.

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2019 നവംബർ മാസത്തിലെ ഭരണ സമിതി യോഗം 8 – ാം തീയതി വെള്ളിയാഴ്ച്ച വൈസ് പ്രസിന്റ് ശ്രീ.സി.പി.മാത്യവിന്റെ അദ്ധ്യക്ഷതയിൽ നടന്നു.



യോഗത്തിൽ ഹോണററി സെക്രട്ടറി & കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു.

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ



മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കുകളും യോഗം അംഗീകരിച്ചു.

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2019 നവംബർ മാസത്തിലെ നറുക്കെടുപ്പ 8 – ാം തീയതി വെള്ളിയാഴ്ച്ച നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി** – (22) ശ്രീ. അഗസ്റ്റിൻ ജോസഫ്
2. **25,000 രൂപായുടെ കുറി** – (33) **ശ്രീമതി. ഗീതാ രാഘവൻ, സാരംഗി**
3. **50,000 രൂപായുടെ കുറി** – (66) ശ്രീമതി.സുധാ പോൾ
4. **100,000 രൂപായുടെ കുറി** –(92) **ശ്രീ.** മാത്യു ജോസഫ്
5. **100,000 രൂപായുടെ കുറി**–(104)ശ്രീ.എം.ജെ. ജോസഫ്
6. **100,000 രൂപായുടെ കുറി** –(130) **ശ്രീ.** സുധാകരൻ പി.ആർ.

നറുക്ക് ലഭിച്ചവർക്ക് ഡിസംബർ മാസം 13–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 13–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള ഒൻപത് "എ" ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ ഒൻപതിനും "എ" ക്ലാസ് അംഗത്വം നല്കുന്നതിന് തീരുമാനമായി.**

1. **ശ്രീ. ശ്രീധരൻ.പി.എം. പെരിഞ്ചപ്പാട്ട്**
2. **ശ്രീമതി. ഫിലോമിന ജോസ്, വട്ടക്കാട്ട്**
3. **ശ്രീമതി. ജയാ ജേക്കബ്ബ്**
4. **ശ്രീ. പ്ലാസിഡ് വർഗീസ്, കരിശുമ്മൂട്ടിൽ**
5. **ശ്രീ. ജോസ് മാത്യു , പോത്താലിൽ**
6. **ശ്രീ. തോമസ് വള്ളിക്കാപ്പൻ, മാങ്ങാനം**
7. **ശ്രീ.ശശിധരൻ.പി.കെ.,ചൈത്രവാടി തലയോലപറമ്പ്**
8. **ശ്രീ. ശ്രീ.പി.കെ.കുട്ടി, തെക്കേ മണലടിയിൽ**
9. **ശ്രീ. ഉത്തമൻ.കെ.പി.**

### സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന ഏഴ് പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ശ്രീമതി.സുലോചന.കെ. തെക്കെ മണലടിയിൽ**
2. **ശ്രീമതി.സിമ്മി വള്ളിക്കാപ്പൻ**
3. **ശ്രീമതി.അന്നാ കുര്യൻ, മര്യാഭവൻ**
4. **ശ്രീ.ഇമ്മാനുവേൽ.വി.എ.,വട്ടക്കാട്ട്**
5. **കെ.കെ.കുര്യാക്കോസ്, കാഞ്ഞിരത്തുമ്മൂട്ടിൽ**
6. **ശ്രീമതി.മോളമ്മ ശശിധരൻ. ചൈത്രവാടി**
7. **ശ്രീമതി. ജൂലി ജെയിൻ, കൊല്ലന്തറ**

## നവാഗതർക്ക് സ്വാഗതം!

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

### കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2019 നവംബർ മാസത്തിലെ ഭരണ സമിതി യോഗം 8 – ാം തീയതി വെള്ളിയാഴ്ച്ച അസ്സോസിയേഷന്റെ കുമാരനല്ലൂരിലുള്ള ഓഫീസിൽ വച്ച് നടന്നു. യോഗത്തിൽ കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ് റിപ്പോർട്ട് അവതരിപ്പിച്ചു.



യോഗം നിർദ്ദേശിച്ച ചില ഭേദഗതികളോടെ റിപ്പോർട്ട് അംഗീകരിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്

ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ് കണക്കുകൾ അവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ.എം.പി.പുഷ്കരൻ കൃതജ്ഞത രേഖപ്പെടുത്തി.

## കോട്ടയം ജില്ലാ കേന്ദ്രം ഏരിയാ കമ്മറ്റി ഭാരവാഹികൾക്കായി ശില്പശാല നടത്തി.

**കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ശില്പശാല** 13/11/2019-ാം തിയതി എല്ലാ ഏരിയ കമ്മിറ്റിയിലെ നിർവാഹ സിമിതി അംഗങ്ങളെയും ജില്ലാ ഭരണസിമിതി അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് രാവിലെ 10 മണി മുതൽ കുമാരനല്ലൂർ തന്മയ (ശാന്തി നിലയം) ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി.. സംഘടന വിഷയങ്ങൾ, മെഡിക്കൽ ഇൻഷുറൻസ് സംബന്ധമായ കാര്യങ്ങൾ HRMS, നമുക്ക് ബാങ്കിൽ നിന്നും കിട്ടാൻ അർഹതപ്പെട്ട ആനുകുല്യങ്ങൾ, റിട്ടയേർഡ് ജീവിതം അനുഭവങ്ങൾ, റിട്ടയേർഡ് ജീവിതം എങ്ങനെ മനോഹരമാക്കാം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയതു.




**എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ലാ ഏകദിന ശില്പശാല മുൻ ജില്ലാ പ്രസിഡന്റും മുൻ സംസ്ഥാന വൈസ് പ്രസിഡന്റുമായ ശ്രീ. ആന്റണി ഡിക്കൂട്ട ഉത്ഘാടനം ചെയ്യുന്നു.**




**കോട്ടയം ജില്ലാ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുന്ന ശ്രീ. ആന്റണി ഡിക്കൂട്ട. സ്റ്റേറ്റ് കമ്മറ്റി മെംബർ ശ്രീമതി. റൈസാ ബീഗം, കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടക്കമുണ്ടയ്ക്കൽ, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ശ്രീ.പി.എസ്.രാജമോഹനൻ നായർ, എന്നിവരേയും കാണാം.**

ആദ്യം ക്ലാസ്സ് എടുത്ത ശ്രീ. ഡികോട്ട സാർ , ഈ അടുത്ത കാലത്തെ കോടതിവിധികളെപ്പറ്റി വിശദമായി സംസാരിച്ചു, പ്രത്യേകിച്ച് ബാങ്ക് ഓഫ് ബറോഡ കേസിലെവിധിയെപ്പറ്റി കോടതിയുടെ പരാമർശനം എടുത്തു പറഞ്ഞു. എസ് ബി ഐ യ്ക്ക് എതിരെ സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറിലെ റിട്ടയർ ചെയ്തവർ കൊടുത്ത കേസിന്റെ വിധിയെ സംബന്ധിച്ചും സംസാരിച്ചു. അദ്ദേഹത്തിന്റെ ക്ലാസ് വളരെ വിജ്ഞാനപ്രദമായിരുന്നു.



**എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ ഏകദിന ശില്പശാലയിൽ സദസ്സിന്റെ ഒരു വീക്ഷണം**

നമ്മുടെ ജില്ലാ പ്രസിഡന്റ് ശ്രീ M. G. രാഘവൻ, സെക്രട്ടറി ശ്രീ പി എം ജേക്കബ്, വൈസ് പ്രസിഡന്റുമാരായ ശ്രീ. K. N. വിശ്വനാഥൻ നായർ, ശ്രീമതി ത്രേസിയാമ്മ ആന്റണി, ട്രഷറർ ശ്രീ തോമസ് ഫിലിപ്പ്, AGS രാജ്മോഹൻ നായർ പി. എസ്, സംസ്ഥാന കമ്മിറ്റി മെമ്പർ ശ്രീമതി. റായിസ ബീഗം തുടങ്ങി സമുന്നതരായ നേതാക്കന്മാർ സന്നിഹതരായിരുന്നു.

## “ജീവിതം സന്തോഷപ്രദമാക്കുന്നതെങ്ങനെ?”

തുടർന്ന് ശ്രീ രമേശ് ബാബു “ജീവിതം സന്തോഷപ്രദമാക്കുന്നതെങ്ങനെ?” എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.



ശ്രീ. രമേശ് ബാബു ക്ലാസ്സെടുക്കുന്നു

നമ്മളെ പ്രണയിക്കുക, ശക്തമായി പ്രതികരിക്കുക, നമ്മുടെ ഉള്ളിലേക്കും മറ്റുള്ളവരിലേക്കും തിരിഞ്ഞു നോക്കുക എന്നും അദ്ദേഹം പറഞ്ഞു. സ്വാർത്ഥത വെടിഞ്ഞാലെ നമുക്ക് സന്തോഷം ഉണ്ടാകുകയുള്ളൂ. അലസരാകാതെ ഇഷ്ട്ടമുള്ള ജോലിയിൽ ഏർപ്പെടുക, യാത്ര ചെയ്യുക , നമ്മുടെ വിവിധ കഴിവുകളെ കണ്ടെത്തി വികസിപ്പിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. കൊച്ചു മക്കളെ വളർത്തേണ്ട ഉത്തരവാദിത്തം നമ്മൾ ഏറ്റെടുക്കേണ്ട, അത് മക്കളുടെ കടമയാണ്. മറ്റുള്ളവർക്ക് നന്മ ചെയ്യാനുള്ള പ്രവർത്തന മേഖലകളിൽ വ്യാപരിക്കാൻ അദ്ദേഹം ഉപദേശിച്ചു.

സെക്രട്ടറി ശ്രീ. പി. എം. ജേക്കബ് സംഘടനയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു. വിനോദയാത്രയുടെ കാര്യങ്ങൾ ശ്രീ രാജഗോപാൽ ഡി.കെ അവതരിപ്പിച്ചു. പാലക്കരി ഫിഷ് ഫാം ആണ് വിനോദയാത്രയും ത്രൈമാസ യോഗവും ഒന്നിച്ച് നടത്താൻ പറ്റിയ സ്ഥലം എന്ന് അദ്ദേഹം ബോധിപ്പിച്ചു. ഡിസംബർ മാസം 11 – ാം തിയതി ടൂർ നടത്താൻ തീരുമാനിച്ചു.

## മെഡിക്കൽ ഇൻഷുറൻസ് സ്കീം

ഉച്ചക്കത്തെ സെഷൻ മെഡിക്കൽ ഇൻഷുറൻസ് സ്കീമുകളെപ്പറ്റിയായിരുന്നു. DGS ശ്രീ മാത്യു അടക്കമുണ്ടക്കലാണ് പവർ പോയിന്റ് പ്രസന്റേഷൻ നടത്തിയത്. എന്താണ് ക്യാഷ്‌ലെസ്സ്, ഡോമിസൈലിയറി എന്ന് പറഞ്ഞാൽ എന്താണ്, ഏതൊക്കെ അസുഖങ്ങൾ പരിഗണിക്കും എന്നൊക്കെയുള്ള വിവരങ്ങൾ അദ്ദേഹം വിശദീകരിച്ചു. ബാങ്കിന്റെ ഡിസ്‌പെൻസറിയിൽ നിന്നും വാങ്ങാവുന്ന മരുന്നുകളുടെ ലിസ്റ്റും പരിചയപ്പെടുത്തി. ബാങ്ക് അംഗീകരിച്ച ലാബുകളിൽ 32 ടെസ്റ്റ് കൾ ഒരു ക്യാഷ് മുടക്കും ഇല്ലാതെ ബാങ്കിലെ ഡോക്ടറുടെ കത്തുമായി അവിടെയെത്തി ടെസ്റ്റ് ചെയ്യാവുന്നതാണ്.

## eSBT യിൽ ഉണ്ടായിരുന്ന REMBS സ്കീം

വൈസ് പ്രസിഡന്റ് ശ്രീ വിശ്വനാഥൻ നായർ **eSBT** യിൽ ഉണ്ടായിരുന്ന REMBS സ്കീമിന്റെ നടപടി ക്രമങ്ങൾ വിശദീകരിച്ചു. എസ്.ബി.ഐ.സ്കീമുമായുള്ള വ്യത്യാസം, ഇൻഷുറൻസ് പരിരക്ഷയുള്ള രോഗങ്ങൾ, ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ സ്വീകരിക്കേ നടപടി ക്രമങ്ങൾ, അനുവദനീയമായതും ലഭിക്കാൻ സാദ്ധ്യതയില്ലാത്തതുമായ ചിലവുകൾ എന്നിവ ലളിതമായും സംശയനിവർത്തി വരുത്തിയും പ്രതിപാദിച്ചു.

## ബിഹേവിയറൽ സയൻസ് പാഠങ്ങൾ

ഉച്ചയൂണിനു ശേഷം ശ്രീ എം.ജി. രാഘവൻ, (എസ്.ബി.എൽ.സി. കൊച്ചി മുൻ ഫാക്കൾട്ടി അംഗം) നേതൃത്വ പാടവം വളർത്താനുതകുന്ന ചില ബിഹേവിയറൽ സയൻസ് പാഠങ്ങൾ രണ്ട് എക്സർസൈസുകളിലൂടെ പകർന്നു നല്കി. സ്വത്വ ബോധം (‘ഞാൻ’ എന്ന വിചാരം) എങ്ങനെ മറി കടക്കാം എന്നത് നിരന്തരം പർശീലിച്ചാലേ നേതൃത്വ പാടവം വളർത്താനാകൂ എന്ന് അദ്ദേഹം സമർത്ഥിച്ചു. ഒരു നേതാവ് എന്നും നല്ല കേൾവിക്കാരനാകണമെന്നും ഏതു തരത്തിലുള്ള അവസ്ഥയിലാണ് സംവേദനം ഏറ്റവും ഫലപ്രദമാവുകയെന്നും എല്ലവരേയും പങ്കെടുപ്പിച്ചുള്ള ഒരു എക്സർസൈസിലൂടെ അദ്ദേഹം ബോദ്ധ്യപ്പെടുത്തി.

## ഇൻ കം ടാക്സ്

അതിനുശേഷം അസി.ജനറൽ സെക്രട്ടറി ശ്രീ . പി. എസ്, രാജ്‌മോഹൻ നായർ, ആദായനികുതി , അതിന്റെ പരിധി, കിഴിവുകൾ, മുതിർന്ന പൗരന്മാർക്കുള്ള ആനുകൂല്യങ്ങൾ എന്നിവയെപ്പറ്റി ക്ലാസ്സെടുത്തു.



അസി.ജനറൽ സെക്രട്ടറി ശ്രീ. പി. എസ്, രാജ്‌മോഹൻ നായർ ‘ആദായനികുതി’ എന്ന വിഷയത്തിൽ ക്ലാസ്സെടുക്കുന്നു,

അവസാനത്തെ സെഷൻ കൈകാര്യം ചെയ്തത് സംസ്ഥാന കമ്മിറ്റി അംഗം ശ്രീമതി. റൈസ ബീഗം ആയിരുന്നു.



ശ്രീമതി. റൈസ ബീഗം

ശില്പശാലയെപ്പറ്റിയുള്ള അംഗങ്ങളുടെ വിലയിരുത്തലായിരുന്നു പ്രധാനം. കൺവീനർമാരിൽ നിന്നും അഭിപ്രായം ആരാഞ്ഞു. ഇതുപോലെയുള്ള പ്രോഗ്രാം ഇനിയും സംഘടിപ്പിക്കണം എന്ന് ചിലർ പറഞ്ഞു. ഉച്ചവരെ മാത്രമായി നിജപ്പെടുത്തുന്നതാണ് നല്ലതെന്നും ചിലർ വിലയിരുത്തി. പൊതുവേയുള്ള അഭിപ്രായം ശില്പശാല വിജ്ഞാനപ്രദമായിരുന്നെന്നായിരുന്നു. കാപ്പി സൽക്കാരത്തി ന്ശേഷം 5 മണിക്ക് യോഗം സമാപിച്ചു.

## എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ല

## ഏകദിന വിനോദയാത്ര സംഘടിപ്പിക്കുന്നു.

കഴിഞ്ഞ നവംബർ 8 ലെ ജില്ലാ ഭരണസിമിതി യോഗത്തിൽ ഡിസംബർ മാസം 11 മണിക്ക് കോട്ടയം വൈക്കം റൂട്ടിൽ മുറിഞ്ഞപുഴ പാലത്തിനു ശേഷവും പൂത്തോട്ട പാലത്തിനു മുൻപുമായിട്ട് പാലാക്കരിയിലുള്ള മത്സ്യഫെഡിന്റെ കിഴിലുള്ള അകാ ടൂറിസം കേന്ദ്രത്തിന്റെ പാലാക്കരി ഫിഷ് ഫാമിലേക്ക് ഒരു ഉല്ലാസ യാത്രയ്ക്കു തീരുമാനി ക്കുകയുണ്ടായി. നമ്മുടെ പ്രവർത്തകർക്കും കുടുംബാം ഗങ്ങൾക്കും പങ്ക് ചേരാം. അതിനുള്ള നിർദേശങ്ങൾ താഴെ കൊടുക്കുന്നു

1) വാഹന സൗകര്യം ഓരോരുത്തരും അല്ലെങ്കിൽ അതാത് ഏരിയ കമ്മിറ്റികളുടെ തീരുമാനപ്രകാരം ആയിരിക്കും.

2) എൻട്രി ഫീ 250/രൂപ, 5 വയസ്സിനും 12 വയസ്സിനും ഇടക്കുള്ള കുട്ടികൾക്ക് 200 രൂപ. മെമ്പർമാർക്ക് ഉള്ള ഫീ സംഘടന വഹിക്കും. സ്പൗസിനും മറ്റ് കുടുംബാംഗ ങ്ങൾക്കുള്ള ഫീ മെമ്പർമാർ വഹിക്കണം.

3) **welcome drink,** ഉച്ചഭക്ഷണം, മീൻ കറി / ഫ്രൈ യോട് കൂടിയത്, (സ്പെഷ്യൽ ഓർഡർ ചെയ്താൽ ചാർജ് വേറെ അവർ തന്നെ കൊടുക്കണം) സ്നാക്ക്സ് മുതലായവ എൻട്രി ഫീയിൽ ഉൾപ്പെട്ടതാണ്.

4) വിനോദ കേളികൾ, പെഡൽ ബോട്ടിംഗ്, ബോട്ട് റൈഡ്, ഫിഷിങ് എന്നിങ്ങനെയുള്ള കളികൾക്ക്, ഫീ അതിൽ ഏർപ്പെടുന്നവർ കൊടുക്കണം. 40 പേരടങ്ങുന്ന ഗ്രൂപ്പിന്റെ ഒരു ദിവസം മുഴുവൻ ഉള്ള ടൂർ പാക്കേജ് അവർക്കുണ്ട്. 1500/ രൂപ മുതൽ 1800 രൂപ വരെ ഒരാൾക്ക് വരും.

5) രാവിലെ 10 മണിയോടെ പാലക്കരി ഫാമിൽ എത്തണം.

6) ഉച്ചയൂണിന് ശേഷം ത്രൈമാസ യോഗം ഫാം ഹാളിൽ വച്ച് നടക്കും.

7) ഉല്ലാസ യാത്രയിൽ പങ്കുടുക്കാൻ ആഗ്രഹിക്കുന്നവർ അതാത് ഏരിയ കൺവീനർമാരെ, എത്ര പേര് ഉണ്ടാകും എന്നതിന്റെ എണ്ണം സഹിതം ഈമാസം 30 ന് മുൻപ് അറിയിക്കണം. കൂടുതൽ അറിയിപ്പുകൾ പുറകെ തരുന്നതായിരിക്കും.

## വൈക്കം ഏരിയാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

വൈക്കം ഏരിയാ എക്സികട്ടീവ് കമ്മറ്റിയുടെ നവംബർ മാസത്തിലെ യോഗം വൈക്കം ഏരിയാ കമ്മിറ്റി അംഗം ശ്രീ. ജോസഫ് മാത്യു പള്ളിയുടെ ടി.വി.പുരത്തുള്ള വസതിയിൽ വച്ച് 21.11.2019 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മിറ്റി കൺവീനർ ശ്രീ. പി. പി. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. അംഗങ്ങളുടെ ഭവന സന്ദർശനവും കൂട്ടായ്മയും കൂടി ലക്ഷ്യമിട്ടാണ് യോഗം വീടുകളിൽ നടത്തുന്നതെന്ന് അദ്ധ്യക്ഷൻ ഉപക്രമത്തിൽ പറഞ്ഞു. ജോയിന്റ് കൺവീനർ ശ്രീ.ഡി.കെ. രാജഗോപാൽ റിപ്പോർട്ട് അവതരിപ്പിച്ചു.

ഏറണാകളത്ത് നടന്ന സംസ്ഥാന കമ്മറ്റി യോഗത്തിൽ നടന്ന ചർച്ചകളും കോട്ടയം എസ്.ബി.ഐ. മേഖലാ തലത്തിൽ മാനേജ്മെന്റുമായി ത്രൈമാസ യോഗത്തിൽ നടന്ന ചർച്ചകളും തീരുമാനങ്ങളും ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ, വിശദീകരിച്ചു.



ജോയിന്റ് കൺവീനർ ശ്രീ.ഡി.കെ. രാജഗോപാൽ

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രി.എം.ജി.രാഘവൻ, കമ്മറ്റി അംഗങ്ങളായ ശ്രീ. എം.ആർ.സ്റ്റാലിൻ, വിശ്വംഭരൻ, ജോസഫ് എം.മായംപറമ്പിൽ, ജോസഫ് ജോൺ പള്ളിയിൽ, ശ്രീ.കെ.റ്റി. ജോസഫ് എന്നിവരും പങ്കെടുത്തു.



എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ശ്രീ. എം.ആർ.സ്റ്റാലിൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. തൊട്ടടുത്ത് അദ്ധ്യക്ഷൻ ശ്രീ. പി. പി. ഫിലിപ്പ്.

ഈ യോഗം വൈയ്ക്കം ഏരിയാ യുണിറ്റിന്റെ ഭവന സന്ദർശന പരിപാടിയും കൂടിയായി. രണ്ട് അംഗങ്ങൾ സൊസൈറ്റിയിൽ അംഗത്വത്തിനും അപേക്ഷ സമർപ്പിച്ചു.



എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ ആലപ്പുഴ ജില്ലാ സമ്മേളനത്തിലെ സദസ്സിന്റെ ഒരു വീക്ഷണം, DGS ശ്രീ മാത്യു അടക്കമുണ്ടയ്ക്കൽ യോഗത്തെ അഭിസംബോധന ചെയതു.

## കൊച്ചിയിൽ ഒരു രാത്രി തങ്ങുവാൻ 395 രൂപ; അതും A/C യിൽ..

കേരളത്തിലെ ഏറ്റവും തിരക്കേറിയ നഗരമാണ് കൊച്ചി. മെട്രോയും ലുലു മാളും ഒക്കെ വന്നതോടെ കൊച്ചി ഇപ്പോൾ വേറെ ലെവലായി മാറിയിരിക്കുകയാണ്. ഒരു മെട്രോ നഗരത്തോട് കിട പിടിക്കുന്ന ഈ കൊച്ചിയിൽ ഒരു ദിവസം താമസിക്കുവാൻ റൂമിന് എത്ര രൂപ വാടക കൊടുക്കേണ്ടി വരും? അത് എസി റൂം ആണെങ്കിലോ? പിന്നെ പറയുകയേ വേണ്ട. എന്നാൽ ഇപ്പോൾ കൊച്ചിയിൽ എത്തുന്നവർക്ക് അധികം പണച്ചെലവില്ലാതെ സുരക്ഷിതമായി വൃത്തിയോടെ തങ്ങുവാൻ ഒരു സംവിധാനം വന്നിരിക്കുകയാണ്. വാടക കേട്ടാൽ അന്തം വിട്ടു പോകും. വെറും 395 രൂപ. അതും എ.സി.യിൽ കിടക്കുവാൻ. എന്താ അത്ഭുതം തോന്നുന്നില്ലേ? ഇത് എവിടെയാണെന്നായിരിക്കും ഇപ്പോൾ ചിന്തിക്കുന്നത്. കൊച്ചി മെട്രോയുടെ എം.ജി റോഡ് സ്റ്റേഷനിലാണ് എല്ലാവർക്കും ഉപകാരപ്രദമായ ഒരു ഡോർമിറ്ററി തുടങ്ങിയിരിക്കുന്നത്. പീറ്റേഴ്സ് ഇൻ എന്ന പേരിലാണു ഡോർമെട്രിയുടെ പ്രവർത്തനം. ഇരുന്നൂറ് കിടക്കകളും നാൽപത് ടോയിലെറ്റുകളുമുണ്ട് ട്രയിന് കമ്പാർട്ട്മെമെന്റിന്റെ മാതൃകയിലുള്ള ഈ എ.സി. ഡോർമെട്രിയിൽ. കൊച്ചിയിലെത്തുന്ന ആർക്കും മിതമായ ചിലവിൽ താമസിക്കാം. ഒരു ദിവസം 395 രൂപയാകും. സ്ത്രീകൾക്ക് പ്രത്യേകം കമ്പാർട്ട്മെന്റ് മുറികളുമുണ്ട്. മൊബൈൽ ചാർജിംഗ് പോയിന്റ് , റീഡിങ്ങ് ലൈറ്റ്, വൈഫൈ, ലോക്കർ, തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. ഇന്ത്യയിൽ മെട്രോ സ്റ്റേഷൻ കേന്ദ്രമാക്കിയിട്ടുള്ള ആദ്യത്തെ ഡോർമിറ്ററി ആണിത്.

താമസക്കാർക്ക് സുരക്ഷിതവും വൃത്തിയുള്ളതുമായ സ്ഥലത്ത് സ്വച്ഛമായ വിശ്രമമാണു പീറ്റേഴ്സ് ഇൻ മെട്രോ സ്റ്റേഷനുകളിൽ ഒരുക്കുന്ന ഡോർമെട്രികളിൽ പ്രദാനം ചെയ്കയെന്നു കമ്പനിയുടെ മാനേജിങ് ഡയറക്ടർ ഫ്രാൻസിസ് മുക്കാണിക്കൽ പറഞ്ഞു. ഈ സംവിധാനം മറ്റുള്ള സ്റ്റേഷനുകളിലേക്കു കൂടി വ്യാപിപ്പിക്കാനാണു പദ്ധതി. വിവാഹ ആവശ്യങ്ങൾക്കായും യാത്രാ പരിപാടികൾക്കുമായും എത്തുന്നവർക്കു കുറഞ്ഞ ചെലവിൽ ഒന്നിച്ചു താമസിക്കാനുള്ള അവസരമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. കൂടാതെ 900 രൂപയ്ക്ക് കൊച്ചിയിലെ കാഴ്ചകൾ കാണാനുള്ള അവസരവും ഒരുക്കും.

രാത്രി ഏഴിനു ചെക്ക് ഇൻ ചെയുന്ന ഒരാൾക്കു രാവിലെ എട്ടു വരെ ഇവിടെ കഴിയാം. പകൽ സമയ വിശ്രമത്തിനും അവസരമുണ്ട്. ഒരു രാത്രി താമസത്തിന് 395 രൂപയാണു ഫീസ്. കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള കംപാർട്മെന്റ് മുറികളും ഉണ്ട്. കൂട്ടമായി എത്തുന്നവർക്ക് പ്രത്യേക പാക്കേജുകളും ഉണ്ടാകും. എംഎൽഎമാരായ എസ്. ശർമ, പി.ടി. തോമസ്, ഡൊമനിക് പ്രസന്റേഷൻ, വി.ഡി. സതീശൻ, മേയർ സൗമിനി ജയിൻ, കെഎംആർഎൽ എംഡി മുഹമ്മദ് ഹനീഷ് തുടങ്ങിയവർ ചേർന്നാണ് എം.ജി. റോഡ് മെട്രോയിലെ പീറ്റേഴ്സ് ഇൻ എന്ന എ.സി ഡോർമെട്രി സംവിധാനം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തത്. അന്ന മറിയ ഏജൻസീസിനാണു നടത്തിപ്പു ചുമതല. ഫോൺ: 77366 66181. (കടപ്പാട് വിവിധ മാധ്യമങ്ങൾ)

## എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ ധർണ്ണ



ന്യൂഡെൽഹിയിലെ പെൻഷനേഴ്സ് ധർണയിൽ അണി ചേർന്നവർ



ന്യൂ ഡെൽഹിയിലെ ധർണ്ണയുടെ മുൻ നിര




തിരുവനന്തപുത്ത് സെക്രട്ടറിയേട്ടിന് മുൻപിൽ നടത്തിയ ധർണ്ണയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസ്ഥാന സെക്രട്ടറി ശ്രീ.എ.ജയകുമാർ സംസാരിക്കുന്നു.

## എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കാസറഗോഡ് ജില്ലാ കേന്ദ്രത്തിന്റെ ഭവന സന്ദർശന പരിപാടി

നമ്മുടെ ഒരു അംഗം, അസുഖ ബാധിതയായി ചികിൽസയിലുള്ള ശ്രീമതി. ശാന്ത, പരസഹായമില്ലാതെ അനുദിനചര്യകൾ നടത്താൻ പ്രയാസപ്പെട്ടു കഴിയുന്നുണ്ട്. എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കാസറഗോഡ് ജില്ലാ കേന്ദ്രത്തിന്റെ ഭാരവാഹികൾ അവരെ ഭവനത്തിലെത്തി ആശ്വസിപ്പിച്ചു. ഏറെ നേരം സംസാരിച്ചിരുന്നു! വലിയ ആശ്വാസമുണ്ടായി. കാസറഗോഡ് യൂണിറ്റിന് ഏവരുടേയും സ്നേഹവും ആദരവും അറിയിക്കുന്നു.



എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ പ്രസിഡന്റ് കെ. രാജീവനും ഡെ.ജനറൽ സെക്രട്ടറി ജോസ് മെർസിലിനും കാസരഗോഡ് യൂണിറ്റിന്റെ അസുഖ ബാധിതയായി ചികിൽസയിലുള്ള അംഗം ശ്രീമതി. ശാന്തയെ അവരുടെ ഭവനത്തിലെത്തി അശ്വസിപ്പിച്ചപ്പോൾ.



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ നിന്ന്.

നമ്മുടെ ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ വിശ്വനാഥൻ നായർ ഭാര്യ സമേതം ഓസ്ട്രേലിയലുള്ള മകനെയും കുടുംബത്തെയും സന്ദർശിക്കാൻ ഇന്ന് പുറപ്പെട്ടു. യാത്രാമംഗളങ്ങൾ!!

## ആയുഷ്മാൻ ഭാരത്

""""""""""""""""""""""""""""""""""""""""""""""""""""""""""""""""

കേന്ദ്ര സർക്കാരിന്റെ അഞ്ചു ലക്ഷം രൂപയുടെ പരിരക്ഷ കിട്ടുന്ന പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഫാമിലി ഇൻഷ്വറൻസ് പദ്ധതി..

Rs.1324/- വാർഷിക പ്രീമിയം അടച്ചാൽ സർക്കാർ, പ്രൈവറ്റ് ആസ്പത്രികളിൽ നിന്നും ഒരു കുടുംബത്തിന് 5 ലക്ഷം രൂപ വരെയുള്ള ട്രീറ്റ്മെന്റിന് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഒരു "സമഗ്ര ആരോഗ്യ പരിരക്ഷ" സ്കീം ആണിത്.
ആധാർ കാർഡ് ,റേഷൻ കാർഡ് കോപ്പി ഇവയുമായി അടുത്തുള്ള ഗവൺമെന്റ് ആശുപത്രിയിൽ പോയി ഉടനെ Reg: ചെയ്യുക.

◆ വർഷം 5 ലക്ഷം രൂപയുടെ ഫാമിലി കവറേജ്; കുടുംബ അംഗങ്ങളുടെ എണ്ണം, പ്രായം എന്നിവയ്ക്ക് പരിധികൾ ഇല്ല.
◆ ഹോസ്പിറ്റൽ ചിലവുകൾ ക്യാഷ്ലെസ് & പേപ്പർലെസ്.
◆ സർക്കാർ, പ്രൈവറ്റ് ആശുപത്രികളിൽ സമ്പൂർണ്ണ സൗജന്യ ചികിത്സ സൗകര്യം.
◆ സ്കീമിൽ അംഗമായവർ ഐഡി കാർഡ് മാത്രം ഹോസ്പിറ്റലിൽ കാണിച്ചാൽ മതി.
◆ നിലവിൽ ഉള്ളതും, മുൻകാല രോഗങ്ങളും സ്കീമിൽ ചേരുന്നതിനോ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ തടസ്സമല്ല.
കേരളത്തിലും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ഓൺലൈൻ ലിങ്ക് താഴെ കൊടുക്കുന്നു.

* ആയുഷ്മാൻ ഭാരത്, ഗ്രാമ നഗര പ്രദേശങ്ങളി ലെ പാവങ്ങൾ ദരിദ്രർ, അവരെ, പല തട്ടുകളായി തിരിച്ചിട്ടുണ്ട് ഉദാഹരണം : വീട് ഇല്ലാത്തവർ ഒറ്റമുറി വീട് ഉള്ളവർ, വീട് വർക്കാത്തവർ, വിർത്തവർ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. അതിൽ പെടുന്നവർക്കേ ഈ പദ്ധ്തിയിൽ ചേരാൻ സാധിക്കുകയുള്ളു.

# How to Apply

- Apply for the Ayushman Bharat PM-JAY Start-Up Grand Challenge online through the official website
- Before registering, it is advisable for applicants to read all information on Eligibility Criteria, Evaluation and Selection Criteria, Problem Statements, Awards and Benefits and Rules and Guidelines regarding the Grand Challenge.
- To begin application, first Register, create an account, and select the 'Problem Statement' which you want to apply for. Please note that start-ups can apply for only one problem statement under the challenge.
- Ensure that the application is complete before submitting it. National Health Authority (NHA) reserves the right to disqualify any application, if found not meeting the basic eligibility criteria or incomplete.
- Applications will open from 1st October 2019.
- * നമ്മുടെ അംഗങ്ങളിൽ സർവീസും വരുമാനവും കുറഞ്ഞവർക്ക് മാത്രമേ അർഹതക്ക് സാദ്ധ്യതയുള്ളു.

## ആദരാഞ്ജലികൾ!!.

### എം.പി.ശങ്കരൻ മൂസതിന്റെ ഭാര്യ ശ്രീമതി. ലത മൂസത്

നമ്മുടെ എറണാകുളം യൂണിറ്റ് അംഗം സ്റ്റേറ്റ് ബാങ്ക് റിട്ടയേർഡ് തൃപ്പൂണിത്തുറ ഇളമന റോഡിൽ മുട്ടത്തില്ലത്ത് എം.പി.ശങ്കരൻ മൂസതിന്റെ ഭാര്യ ശ്രീമതി. ലത മൂസത് നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു.



### ശ്രീമതി. ലത മൂസത്

**സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**

## ആദരാഞ്ജലികൾ!!.

## ശ്രീമതി. അന്നക്കുട്ടി



മുൻ എസ്. ബി. ഐ. ജീവനക്കാരി അന്നക്കുട്ടി (77) നിര്യാതയായി. കറുകയിൽ പരേതനായ കെ.ജെ.ജോബിന്റെ ഭാര്യയായിരുന്നു. പാലാരിവട്ടം സെന്റ് ജോൺസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. സന്തപ്ത കടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## ശ്രീമതി.എം.എൻ.രുഗ്മിണി അമ്മ



എസ്. ബി. ഐ. മുൻ ചീഫ് മാനേജർ കെ.കെ.രാധാകൃഷ്ണന്റെ മാതാവ് ശ്രീമതി.എം.എൻ.രുഗ്മിണി അമ്മ (അമ്മിണി-82) അന്തരിച്ചു. ചങ്ങനാശ്ശേരി പായിപ്പാട്ട് മല്യത്ത് ശ്രീനിവാസിൽ പരേതനായ എം.എൻ. കരുണാകരൻ നായരായിരുന്നു ഭർത്താവ്. മറ്റ് മക്കൾ കേരള ഹൈക്കോടതി രെജിസ്ട്രാർ ജനറൽ കെ.ഹരിപാൽ, അനിത ഹരികുമാർ, വിംഗ് കമാൻഡർ അനിൽ.കെ.നായർ എന്നിവരാണ്. ആദരാഞ്ജലികൾ!!

## സുജിത്ത് ജോസ്

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ത്രിശ്ശൂർ യൂണിറ്റ് അംഗം തിരനിലത്ത് തായംകേരി ടി.ജെ. ജോസിന്റേയും റിട്ട. അദ്ധ്യാപിക ആനീസിന്റെയും മകൻ സുജിത്ത് ജോസ് (41) നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാരം സെന്റ് ജോൺസ് നെപുംസ്യാൻ പള്ളി സെമിത്തേരിയിൽ നടന്നു. ഭാര്യ പാലക്കാലയിൽ ഷിജി. മകൾ ആൻഡ്രിയ.**



**സുജിത്ത് ജോസ്**

അകാലത്തിൽ പൊലിഞ്ഞു പോയ മകന്റെ ജീവിതം ഏറെ സംയമനത്തോടെയേ മാതപിതാകൾക്ക് നേരിടാനാകുകയുള്ളു. ഈ സഹനത്തിന് ജഗദീശ്വരൻ അവർക്കും കടുംബത്തിനും കരുത്ത് നല്കട്ടെ!

## സി.എച്ച്.നടരാജൻ



എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അംഗം പൂങ്കന്നം ചിട്ടശ്ശേരി മഠം ശാന്തി നിവാസിൽ സി, എച്ച്. നടരാജൻ (72) അന്തരിച്ചു. ഭാര്യ ശ്രീമതി രാധാ നടരാജൻ. മകൻ ഹരിഹരൻ. മകൾ രൂപ ഹർഹരൻ. എം.ജി.റോഡിലുള്ള ബ്രാഹ്മണ സമൂഹം ശ്മശാനത്തിൽ സംസ്കരിച്ചു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.



**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ശ്രീമതി.മേരി വർഗീസി ന്റെ ഭർത്താവ് റിട്ട. കാനറാ ബാങ്ക് ഉദ്യോഗസ്ഥൻ കൊച്ചാനാപ്പറമ്പിൽ കെ.പി.വർഗീസ്** (70) **അന്തരിച്ചു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.**

## ശ്രീ. ലോഹിതാക്ഷൻ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് **യൂണിറ്റ്** അംഗം ശ്രീ. ലോഹിതാക്ഷൻ (64) (എൽ.എം.നം.4927) ചേവന്നൂർ, കോഴിക്കോട് നവംബർ 8–ാം തിയതി അന്തരിച്ചു. ഒരു വാഹനാപകടത്തെ തുടർന്ന് ചികിൽസയിലായിരുന്നു. **പരേതാത്മാവിന്** നിത്യശാന്തി നേരുന്നു.



ശ്രീ. ലോഹിതാക്ഷൻ

**ആദരാഞ്ജലികൾ!!**

## നിര്യാതയായി

**ചങ്ങനാശ്ശേരി ബ്രാഞ്ചിന്റെ മുൻ ചീഫ് മാനേജർ ശ്രീ.ജോർജ്ജ് സി.കുരുവിളയുടെ മാതാവ്**



## കണ്ണീർ പ്രണാമം!!!



**എസ്. ആർ. എ. യുടെ എക്സിക്യൂട്ടീവ് മെമ്പറും അഴിക്കോട് പഞ്ചായത്ത് 8 ആം വാർഡ് മെമ്പറുമായ പി. സിന്ധുവിന്റെ ജ്യേഷ്ഠൻ പി. രാജീവൻ (റിട്ടേർഡ് സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് ) 26.11.2019 തിയതി മരണപ്പെട്ടു. സംസ്കാരം ആരാംകോട്ടം സമുദായ ശ്മശാനത്തിൽ ഉച്ചക്ക് 12 മണിക്ക് നടത്തി .**

**OASIS**

Older Adults Sharing In Service

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**


പത്രാധിപ സമിതി

രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കാമു   ക്കൽ
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ


**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.**

# അനുബന്ധം

DISCUSSIONS HELD IN THE STRUCTURED MEETING at AO FOR THE HALF YEAR ENDING 31.12.2019

1 Stagnation increment 10 th Bipartite

1.Sri Georgy Joseph PF NO 3570290
Circulars CDO P&HRD- IR 25/2015-16 dated 26.06.2015
Circular CDO P&HRD-IR 59/2015-16 dated 14.10.2015
Circular HR/PPG/SKL/2018-19/01 dated 18.07.2018

Sri Georgy retired on 31.102013 from Kuravilangadu Br and Drawing Pension from the same branch. He had submitted a representation on 27.09.2018 for refixation of basic pension on account of stagnation increment under 10$^{th}$ Bipartite and for releasing of monetary benefits due to the revision of pension. The 5$^{th}$ stagnation increment was paid to him on 01.04.2010 as per 9$^{th}$ bipartite. And now the 6$^{th}$ stagnation increment was sanctioned on 19.09.2019 from the month of November 2012 by RBO Pala but the monetary benefits not released contrary to the circular instruction HR Circular HR/PPG/SKL/2018-19/01 dated 18.07.2018.

2.Non receipt of Pension for the Break period 17.04.2019 to 30.04.2019

Sri Babu AT HRMS 7160461 Mob 9447439447

Retired on 16.04.2019 under voluntary exit scheme from Pandalam Br and drawing pension from Kaduthuruthy Branch. He has been receiving pension since May 2019 but not paid pension for the break period from 17.04.2019 to 30.04.2019

3.Arrears on account of 7th Bipartrite-Family Pensioner

Smt.Sarojam w/o M J Antony PF 3553922-Kottayam Branch.
The arrears have not been released yet and is pending for more than a year. All the necessary documents have been submitted at Kottayam Branch in the year 2018.
The delay is due to outstanding of Rs56000 in AUCA in the name of her late husband. The liability is on account of the pension loan availed by him. She has been repaying the loan out of her meagre family pension till It was transferred to AUCA in the year 2016. In the meantime in the year 2017 Bank sanctioned the realignment of pension of her late husband as per 7th Bipartrite and accordingly an arrear of approximately Rs52000/ was sanctioned to him. The family pensioner has offered to pay Rs50000/- out of the arrears as final settlement of the AUCA with a short fall of Rs6000- and she has requested the waiver of the shortfall. She had attended the Adalat twice and had agreed to remit Rs50000/- We understand that the papers have finally reached RACPC Kottyam and no decision is forth coming.

4.Medical Insurance Scheme -Sri Unnikrishnan B C,
Two Medical bills pending
1.Policy B PF 1748289, MDI 5-0030318402
The bill re submitted in august 2019 for Rs37840.00 is still pending and is reported as under process.

2.Domiciliary Bill under Policy A-MDI5-0030584646
Some amount disallowed on the pretext that it is related to the period prior to 01.06.2019 when the tie up was with United India Insurance co. The policy A is considered to expire every year in May and renewal takes place in June every year. Accordingly the policy has expired in the current year as on 31.05.2019 and it was also renewed w.e.f 01.06.2019, A new insurance company has come in place of the old one. The renewal is done by Bank and for the pensioner it is a continuous policy and change of insurance company will not affect the claim.

.Dispensary at Alapuzha- working days to be increased

We also understand that RBO Alapuzha has already sent their recommendation to AO for increasing the working days of the dispensary. So far no approval has come.

6.NON refund of NPS-Sri Joseph Thomas HRMS 7160887

He retired on 31.01.2019 from Lead Bank, AO Kottayam as messenger. The retirement benefits were used to settle his liabilities and to meet the financial commitments of the family. He is now left with very little savings. The refund from NPS would be great relief to him. The HR dept at AO has taken the initiative to speed up the process and is very much appreciated.

Dispensary:

The issues:

1) Delay in disposal of medicine, waiting time more than two hours on many occasions especially in the beginning of the month.

2.Order given for medicine at irregular intervals result in non availability of medicines on continuous basis.

3. The insulin is very much in need for diabetic patients. As fridge is not available the adequate stock of insulin cannot be maintained.

5) The Assistance of the Pharmacist is of great help to dispose the patients without much waiting and the Doctor could engage the pharmacist as in other dispensaries.

7.Pensioners Meet.

Bank has recently conducted Pensioners 'Meet at few branches. The initiative is very much appreciated. Large number of pensioners are attended the meetings. It gives an opportunity to the pensioners and retirees to interact with bank functionaries and have an awareness on the latest technological products especially Yono. An Awareness classes on Life certificate, HRMs and medical insurance schemes will be beneficial to the Pensioners.

## Report on Structured Meeting at AO Kottayam on 20/11/2019.

The meeting started at 12 pm. The DGM sri Jayatheertha V Jainapur presided over the meeting. The Regional Managers of RBO Pala, Mavelikkara were on VC together with their HR managers. The chief Manager HR, Sri Koshy Mathew and Sri Jeevan Dy Manager HR coordinated the programme. On our side the following members participated

- • Sri M G Raghavan
- • Sri P V G Menon
- • Sri Joy C Arykara Rtd DGM
- • Sri Raisa Beegum
- • Sri Thomas P Mathew
- • Sri Thomas Philip
- • Sri Raghavan
- • Mathew Adackamundackal

The chief Manager HR Kottayam introduced the participants to DGM and welcomed all the participants. He said that AO functionaries are having very cordial relations with Pensioners 'Association and effort is made to solve all the grievances of the pensioners. He requested DGM to address the participants. DGM In his opening remarks said that pensioners are part of the extended family and sought our assistance to improve

the business of branches under Kottayam AO.

It was followed by the opening talk by DGS, Mathew Adackamundackal. At the outset he thanked DGM for conducting the meeting in time and giving the association an opportunity to present the grievances, issues and problems and find out amicable solutions. He said that we are privileged to have the presence of Sri Joy C Arykara as one among us. He further pointed out that till recently he was on the Bank's side which is an indication that eventually all in the opposite side will have to be with the pensioners.

He also remarked that through the meetings most of the problems faced by pensioners' were solved though not 100%. He cited that major issues like refund of excess interest on housing loan ranging from 2 to 5 lac.in two cases which were pending with esbt for long were approved. In another similar case, excess building insurance premium debited to housing loan account was also refunded with the effort and follow up of DGM and his HR dept. He concluded his talk thanking DGM for inviting the representatives of association for the Onam celebrations at AO Kottayam. It was a new trend set by DGM which need to be followed by RMs in all RBOs and branches when any functions are organized whether it is Onam/ Christmas/Cuztomers'Meets, Retirement functions etc. It was a recognition and acknowgement of our service. When we attend such functions, the feeling is that we are part of the Extended SBI family as DGM has pointed out in his opening remark.

It was followed by item wise discussion on the agenda. There was difference of opinion on the interpretation of the circular on payment of monetary benefits on account of stagnation increment and decided to refer to HR LHO for clarification. In all other cases the response was very positive. DGM assured that remodeling work of Dispensary will commence shortly and necessary funds have been already alotted. The appointment of Pharmacist, purchase of software for stock maintenance and supply of medicines at competitive rate will be studied by Sri Jeevan Dy Manager HR and examine what is prevailing in other centres.

Our association offered our voluntary service for computerizing the stock of medicine and they accepted the offer in principle.

On the conduct of pensioners 'Meet DGM instructed all RMs to ensure the participation of our members in all customers'/pensioners 'meet. The vote of thanks was passed by Sri Jeevan Dy Manager HR for AO Kottayam and SRI Thomas P Mathew from our side. The meeting was concluded by 1 pm in a very cordial atmosphere with the assurance to solve the issues raised by the association on a priority basis.

Mathew Adackamundackal
DGS ,SBI PAK

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.